15/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **CP 446(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10733/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 നവംബർ 15

ശ്രീ. വേണുഗോപാൽ ബി.,
സരസ്വതി വിലാസം,
പൊലിക്കോട്, വയയ്ക്കൽ പി.ഒ.,
കൊട്ടാരക്കര, കൊല്ലം – 691 532.
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം,
   ഉമ്മന്നൂർ പി.ഒ., കൊല്ലം – 691 520.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   കൊല്ലം.

} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.7.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.8.2020 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 7.9.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 10.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.10.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 11.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വേണുഗോപാൽ ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, 21.7.2020-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടുപോലും അത് ബോധപൂർവ്വം മറച്ചുവച്ച് തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതും കൃത്രിമമായി നിർമ്മിച്ചതും അപൂർണ്ണമായതുമായ വിവരങ്ങളാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

നൽകിയതെന്നും ആയതിനാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1), 20(2) എന്നീ വകുപ്പുകൾ പ്രകാരം നടപടി എടുക്കണമെന്നും ഹർജിക്കാരന് വിവരാവകാശ നിയമം 19(8)(ബി) വകുപ്പു പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഉമ്മന്നൂർ പഞ്ചായത്തിലെ പൊലിക്കോട്-അണ്ടൂർ റോഡിന്റെ നീളം, വീതി എന്നിവ മനസിലാക്കുന്നതിന് നിലവിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14.8.2020-ന് നൽകിയ മറുപടിയിൽ പൊലിക്കോട് - അണ്ടൂർ റോഡിന്റെ നീളം വീതി എന്നീ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററിന്റെ പകർപ്പിന് 2/- രൂപ ഫീസ് അടവാക്കണമെന്നാണ് അറിയിച്ചത്. ടി മറുപടിയ്ക്കെതിരെ ആക്ഷേപം ഉന്നയിച്ചാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചിട്ടുള്ളത്.

4. ഒന്നാം എതിർകക്ഷി 6.10.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വേണുഗോപാൽ പൊലിക്കോട്-അണ്ടൂർ റോഡിന്റെ ആസ്തി രജിസ്റ്റർ പരിശോധിക്കുന്നതിനായി സമർപ്പിച്ച 21.7.2020-ലെ അപേക്ഷയിൽ ആവശ്യപ്പെട്ട ആസ്തി രജിസ്റ്ററിൽ ക്രമ നമ്പർ 134 (പേജ് നമ്പർ 131) ആയി രേഖപ്പെടുത്തിയ പേജിന്റെ ശരിപകർപ്പ് ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണെന്നും തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകി എന്നും ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിലെ പൊലിക്കോട് - അണ്ടൂർ റോഡിന്റെ നീളം, വീതി എന്നിവ മനസ്സിലാക്കുന്നതിന് നിലവിലുള്ള ആസ്തി രജിസ്റ്റർ പരിശോധന നടത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്നതിനാലും ടി റോഡ് ഉൾപ്പെടുന്ന ആസ്തി രജിസ്റ്റർ നേരിൽ പരിശോധിക്കുന്നതിനുള്ള അവസരം ഹർജികക്ഷിക്ക് നൽകുന്നത് ഉചിതമാകുമെന്ന് കണ്ട് 15 ദിവസത്തിനകമുള്ള ഏതെങ്കിലും ഒരു ദിവസം രേഖകൾ പരിശോധിക്കുന്നതിന് അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകി രേഖകൾ പരിശോധിക്കുന്നതിന് അനുവദിക്കണമെന്ന് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കുകയും ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിക്കാൻ 7.10.2020-ന് നേരിട്ട് ഹാജരാകണമെന്ന് ഹർജിക്കാരന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ടിയാൻ നേരിട്ടെത്തി രേഖകൾ പരിശോധിക്കുകയും പൊലിക്കോട് - അണ്ടൂർ റോഡിന്റെ നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ പകർപ്പ് കൈപ്പറ്റിയിട്ടുള്ളതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 19.8.2020-ന് ഒന്നാം അപ്പീലും, 7.9.2021-ന് രണ്ടാം അപ്പീലും സമർപ്പിച്ചതായി

കാണുന്നു. 19.8.2020–ലെ അപ്പീൽ അപേക്ഷ 23.9.2020–ലെ പി.എ4–495/2020 നമ്പർ ഉത്തരവ് പ്രകാരം രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതും ടി ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ ഹർജിക്കാരൻ നേരിട്ട് പരിശോധിച്ച് ആവശ്യപ്പെട്ട രേഖകൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. എന്നാൽ ഒന്നാം അപ്പീൽ നൽകിയ വിവരവും ആയതിന്മേൽ രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ രേഖകൾ കൈപ്പറ്റിയ വിവരവും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ ഹർജിയോടൊപ്പം ഹാജരാക്കിയിട്ടില്ല. മാത്രമല്ല 23.9.2020–ന് ഒന്നാം അപ്പീൽ തീർപ്പാക്കിയതിനുശേഷം ഏകദേശം 11 മാസം കഴിഞ്ഞ് 7.9.2021–നാണ് കമ്മീഷനിൽ ഹർജി സമർപ്പിച്ചിട്ടുള്ളത് എന്നും കാണുന്നു. ആയത് ക്രമപ്രകാരമല്ല. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുമായി ബന്ധപ്പെട്ട ഫയൽ ഒരിക്കൽ കൂടി നേരിട്ട് പരിശോധിക്കുന്നതിനും സൗജന്യമായി പകർപ്പുകൾ എടുക്കുന്നതിനും ഒന്നാം എതിർകക്ഷി ഹർജിക്കാരന് അവസരം നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 15–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk